ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇൻഷ്വറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ബിൽ രാജ്യസഭയിൽ വന്നപ്പോൾ .....

മി. സ്പീക്കർ : രണ്ടുപേരും ഇങ്ങനെ പറഞ്ഞാൽ ഒക്കില്ലല്ലോ. ചോദ്യം ബാങ്കിനെക്കുറിച്ചും ഉത്തരം ഇൻഷ്വറൻസിനെക്കുറിച്ചുമാണ്.

ശ്രീ. എ.കെ. ആന്റണി : ഈ സഭയിലെ ഒരു മന്ത്രിയാണദ്ദേഹം. ഇങ്ങനെ അടിസ്ഥാനരഹിതമായ നിരുത്തരവാദപരമായ പ്രസ്താവന നടത്താമോ? ഇത് ഒളിച്ചോട്ടമാണ്. മന്ത്രിക്ക് എന്തും പറയാമെന്നാണോ? (ബഹളം)

കാർഷികാദായ നികുതി

4 (*63) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയിടിവ് നേരിടുന്ന കാർഷികോൽപ്പന്നങ്ങളായ റബ്ബർ, കൊപ്ര, വെളിച്ചെണ്ണ, കാപ്പി, തേയില എന്നിവയ്ക്ക് കാർഷികാദായ നികുതി ഇനത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പുതുതായി എന്തെല്ലാം ഇളവുകൾ നൽകുവാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്.

(ബി) ഇരുപതു ഹെക്ടർ വരെയുള്ള റബ്ബർക്കർഷകരേയും കാപ്പിക്കർഷകരേയും 2000-2001-ലെ (അക്കൗണ്ടിംഗ് വർഷം) കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അഞ്ചു ഹെക്ടർ വരെ കൃഷിഭൂമിയുള്ള എല്ലാ കർഷകരേയും (പ്ലാന്റേഷൻ ഉൾപ്പെടെ) കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ആവശ്യമെന്നു കണ്ടാൽ കൂടുതൽ ഇളവുകൾ പരിഗണിക്കുന്നതാണ്.

ശ്രീ. സി.എൻ. ജയദേവൻ : കോഫിയുടെ വിലയിടിവ് കണക്കിലെടുത്ത്, അതിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പനനികുതി കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : കോഫിയുടെ വിൽപ്പന നികുതി 8 ശതമാനത്തിൽനിന്നും ഒരു ശതമാനമാക്കി കുറച്ചിട്ടുണ്ട്.

ശ്രീ. സി.എൻ. ജയദേവൻ : അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന കാർഷികോൽപന്നങ്ങൾക്കുള്ള പ്രവേശന നികുതിയിൽ ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : കോഫിയുടേയും ചായയുടേയും അന്തർസംസ്ഥാന സെയിലുകളുടെ ടാക്സ് എടുത്തു കളഞ്ഞിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly